(ബി) പ്രോഗ്രാം ഓഫീസർമാരുടെ വിദ്യാഭ്യാസ യോഗ്യത ബിരുദാനന്തര ബിരുദം/എം.എസ്.ഡബ്ല്യു. കമ്പ്യൂട്ടർ പരിജ്ഞാനം, യുവജനക്ഷേമ പ്രവർത്തനങ്ങളിലുള്ള പരിചയം എന്നിവയും ജില്ലാ കോ-ഓർഡിനേറ്റർമാരുടെ വിദ്യാഭ്യാസ യോഗ്യത എസ്.എസ്.എൽ.സി.-യും യുവജനക്ഷേമ പ്രവൃത്തനങ്ങളിലുള്ള പ്രവൃത്തി പരിചയവുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ച് യുവശക്തിയുടെ ഭാഗമായി യൂത്ത് കോ-ഓർഡിനേറ്റർമാർ നടത്തുന്ന വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയാണ് ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർമാരുടെ ചുമതല. യുവജനക്ഷേമ ബോർഡ് തീരുമാനിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നത് ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർമാർ മുഖേനയാണ്. പുതിയ പ്രോജക്ടുകൾ തയ്യാറാക്കി സമർപ്പിക്കുന്നതും ഇവരുടെ ചുമതലയാണ്. ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർമാർക്ക് 12,000 രൂപയും ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർമാർക്ക് 5,000 രൂപയും പ്രതിമാസ വേതനമായി നൽകി വരുന്നു.

(സി) ഇക്കാര്യം പരിഗണനയിലില്ല.

(ഡി) യുവശക്തി പദ്ധതിയുടെ ഭാഗമായി നടത്തുന്ന വിവിധ പദ്ധതികൾ. കേരളോത്സവ നടത്തിപ്പ് തുടങ്ങിയ യുവജനക്ഷേമ ബോർഡിന്റെ എല്ലാ പദ്ധതികളും അതാത് ജില്ലകളിൽ നടത്തേണ്ട ചുമതല ജില്ലാ പ്രോഗ്രാം ഓഫീസർമാർക്കാണ്. പഞ്ചായത്ത് കോ-ഓർഡിനേറ്റർമാരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്നതാണ് ജില്ലാതല യൂത്ത് കോ-ഓർഡിനേറ്റർമാരുടെ ചുമതല.

(ഇ) യുവജനക്ഷേമ ബോർഡ് മെമ്പർ സെക്രട്ടറി ഇവരുടെ പ്രവർത്തനങ്ങളും ഹാജരും പരിശോധിക്കാറുണ്ട്.

(എഫ്) യുവശക്തി പദ്ധതിയുടെ ഭാഗമായി നിയമിച്ചിട്ടുള്ള ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർമാരുടെ തസ്തിക സൃഷ്ടിച്ചിട്ടില്ല. എന്നാൽ യൂത്ത് പ്രോഗ്രാം ഓഫീസർമാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ടെങ്കിലും നിയമനം പി.എസ്.സി.-ക്ക് വിടുന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല.

കേരളോത്സവത്തിൽ അംഗീകാരം നേടുന്ന യുവജനങ്ങൾക്ക് ഗ്രേസ് മാർക്ക്

164(T1421) പ്രൊഫ. എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളോത്സവം ആകർഷകമാക്കുവാനും, കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനുമായി സംസ്ഥാനതലത്തിൽ കേരളോത്സവത്തിൽ അംഗീകാരം നേടുന്ന യുവജനങ്ങൾക്ക് സർക്കാർ സർവ്വീസിൽ പരിഗണിക്കപ്പെടുന്നതിലേയ്ക്ക് ഗ്രേസ് മാർക്ക് നല്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

കേരളോത്സവത്തിൽ യുവജന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് കേരളോത്സവ/ദേശീയ യുവജനോത്സവ മത്സര വിജയികൾക്ക് ഉപരിപഠനത്തിനും സർക്കാർ ജോലികൾക്കും പ്രത്യേക പരിഗണന/ഗ്രേസ് മാർക്ക് നൽകുന്ന കാര്യം പരിശോധിച്ചുവരികയാണ്.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly